

ഹായ് കൂട്ടുകാരേ,

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

# പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714



## മനസ്സിലൊരു മാമ്പഴക്കാലം

■ ഡി. ശ്രീദേവി

പ്രിയമുള്ള കൂട്ടുകാരേ...,

എല്ലാവർക്കും സുഖമല്ലേ...? പരീക്ഷയൊക്കെക്കഴിഞ്ഞ് അവധിക്കാലത്തിന്റെ രസത്തിലും ലഹരിയിലുമായിരിക്കുമല്ലോ നിങ്ങൾ? ലഹരി എന്നു കേട്ടു നെറ്റി ചുളിക്കേണ്ട കേട്ടോ... ജീവിതത്തിന്റെ എല്ലാ സന്തോഷവേളകളെയും അതിന്റെ ആഴത്തിൽ കാണിക്കാൻവേണ്ടിയാണ് പലപ്പോഴും നാം ലഹരി എന്ന പദമുപയോഗിക്കുന്നത്. എന്നാൽ, വേദനയെയും ലഹരിയായിക്കണ്ട ഒരു കവിയുണ്ട് നമുക്ക്. നമ്മുടെ പ്രിയപ്പെട്ട ചങ്ങമ്പുഴ കൃഷ്ണപിള്ള... അദ്ദേഹം എന്താണെഴുതിയതെന്നോ?

"വേദന... വേദന... ലഹരി പിടിക്കും വേദന... എന്നിട്ട് ആ വേദനയിൽനിന്ന് ഒരു 'മുരളീരവം' ഉയരട്ടെ എന്ന്... ഇതിനാണ് സർഗാത്മകമായ വേദന എന്നു പറയുന്നത്. മഹത്തായ എന്തും നേടാൻവേണ്ടി നാം അനുഭവിക്കുന്ന കഷ്ടപ്പാടുകളെ ഇത്തരം ലഹരിയായിക്കണ്ടാൽ ജീവിതം എളുപ്പമായി.

കഴിഞ്ഞ ഒരു അധ്യയനവർഷത്തിന്റെ ലഹരിയൊക്കെ അവസാനിച്ച് ഇനി ഫലപ്രാപ്തിക്കായി കാത്തിരിക്കുകയാണല്ലോ. വിജയംമാത്രമല്ല പരാജയങ്ങളും ഉണ്ടാകുമല്ലോ? രണ്ടിനെയും ഏകമനസ്സോടെ നേരിടാനുള്ള കരുത്തും നമുക്കുണ്ടാകണം. വിജയിച്ചവർ മുന്നോട്ടു പോകുമ്പോൾ, പരാജയപ്പെട്ടവർ കുറേക്കൂടി ആഞ്ഞുപ്രയത്നിച്ചാൽ അടുത്തതവണ വിജയം ഉറപ്പ്. ഈയൊരു മനഃശാസ്ത്രം എപ്പോഴും മനസ്സിലുണ്ടാവണം. നിരാശയും സങ്കടവും മനസ്സിനെ അലട്ടിയാലും കൂടുതൽ സമയം അതിനെ താലോലിക്കരുത്. എപ്പോഴെങ്കിലും ഏതെങ്കിലുമൊക്കെ തരത്തിൽ പരാജയം നേരിട്ടവരൊക്കെത്തന്നെയാണ് ഈ സമൂഹവും. അതിനാൽ, എന്തുവന്നാലും ജീവിതവുമായി മുന്നോട്ടു പോകാനുള്ള കരുത്ത്. അതായിരിക്കണം സ്വന്തം മനസ്സിന്റെ ദൃഢത.

അതിരിക്കട്ടെ കൂട്ടുകാരേ, പറഞ്ഞുപറഞ്ഞ് അല്പം വൈകാരികമായിപ്പോയല്ലേ? വികാരങ്ങളെ... അതെന്തായാലും... ദേഷ്യമോ സങ്കടമോ സന്തോഷമോ... എന്തായാലും പക്വതയോടെ നേരിടാനുള്ള ഒരു കഴിവുംകൂടി സമ്പാദിക്കണം കേട്ടോ... പലപ്പോഴും നിങ്ങളുടെ കളികൾക്കിടയിൽ ഇത്തരം സാഹചര്യങ്ങൾ കടന്നുവരാറുണ്ടല്ലോ... അപ്പോഴൊക്കെ കളിയെ കളിയായിക്കണ്ട് സമചിത്തതയോടെ പ്രതികരിക്കേണ്ടതുണ്ട്.

ഞാൻ എന്റെ ബാല്യകാലം ഓർത്തുപോവുകയാണ്. അതിനു മാമ്പഴത്തിന്റെ സുഗന്ധവും മധുരവുമാണ്. ആ കാലം മനസ്സിലിങ്ങനെ മയങ്ങിക്കിടക്കും. നിങ്ങളെയൊക്കെക്കാണുമ്പോൾ അതൊന്ന് ഉണർന്നു തലപൊക്കും. എന്റെയും നിങ്ങളുടെയും ബാല്യകാലങ്ങൾ തമ്മിൽ വളരെ അന്തരമുണ്ട്. നമ്മുടെ ഭൗതികാന്തരീക്ഷം മാറി. പ്രകൃതി മാറി. കാലാവസ്ഥ മാറി. ഭക്ഷണത്തിലും ജീവിതശൈലിയിലും വളരെ മാറ്റങ്ങൾ വന്നു. മനുഷ്യമനസ്സുകളും മാറിത്തുടങ്ങിയിരിക്കുന്നു. എങ്കിലും ഒന്നുണ്ട്. ഇന്നും ഭൂരിപക്ഷം മനുഷ്യരും ആഗ്രഹിക്കുന്നത് നന്മയാണ്. ശാന്തിയും സമാധാനവും പുലരുന്ന ഒരു നാടിനെയാണ്. സ്നേഹവും മര്യാദയുമുള്ള ഒരു യുവതലമുറയെയാണ്. അതാണ് നിങ്ങളോടിതൊക്കെപ്പറയുന്നത്. പറയുന്നതു കേൾക്കാനും ഉൾക്കൊള്ളാനും കഴിവുള്ളവരാണല്ലോ നിങ്ങൾ. എന്നുമാത്രമല്ല, ഞങ്ങളുടെ തലമുറയെ അപേക്ഷിച്ച് ശാസ്ത്രസാങ്കേതികവിദ്യകളിലൊക്കെ മികവു തെളിയിച്ചവരുമാണ് നിങ്ങൾ. നിങ്ങളെക്കുറിച്ച് ഞങ്ങൾക്കു നല്ല അഭിമാനമുണ്ട് കേട്ടോ. എങ്കിലും എപ്പോഴും അതൊന്നും പുറത്തു കാണിക്കാത്തത് നിങ്ങൾ അഹങ്കാരികളായിപ്പോകുമോ എന്ന ഭയംകൊണ്ടാണ്...

വീണ്ടും കാടുകയറുന്നു അല്ലേ...? എന്താ കൂട്ടുകാരുടെ നെറ്റി ചുളിയുന്നുവോ... ആ മധുരിക്കുന്ന മാമ്പഴക്കാലത്തെക്കുറിച്ചു പറയട്ടെ...

ആ അവധിക്കാലങ്ങൾ...

"വെളിച്ചത്തിനോമൽ മകളേ..." എന്നു വൈലോപ്പിള്ളി വിശേഷിപ്പിക്കുന്ന മേടച്ചൂടിന്റെ പകലുകളും രാത്രികളും. അതിലേക്കൊരു മധുരമനോഹര സ്വപ്നംപോലെ കാത്തുകാത്തിരുന്ന് വന്നണയുന്ന വേനൽമഴ. പരീക്ഷ കഴിഞ്ഞ് പുസ്തകങ്ങളെല്ലാം വലിച്ചെറിഞ്ഞ്...(അതു വെറുതെയാണ് കേട്ടോ... എവിടെയെങ്കിലും ഭദ്രമായി സൂക്ഷിച്ചുവയ്ക്കും. നമുക്ക് ക്ലാസുകയറ്റം കിട്ടുമ്പോൾ ആ പുസ്തകത്തിന് താഴെ ക്ലാസിലുള്ളവർ കണ്ണുവച്ചിരിക്കും. പറഞ്ഞുറപ്പിച്ചിരിക്കും. അതിനാൽ രണ്ടാണ് ഉത്തരവാദിത്വം. നന്നായി പഠിച്ച് ക്ലാസ് കയറ്റം നേടണം. മറ്റൊന്ന് ഒരു വർഷം കൂടി ഒരാൾക്ക് ഉപയോഗിക്കേണ്ടതല്ലേ... വൃത്തിയായി സൂക്ഷിക്കണം.) ഈ വലിച്ചെറിയൽ ഒരു ഒഴുക്കിനങ്ങ് പറഞ്ഞതാണ്. നമ്മുടെ കേരളീയശൈലി അങ്ങനെയായിരുന്നില്ലല്ലോ. എല്ലാം പരമാവധി പ്രയോജനപ്പെടുത്തുക. ആവശ്യത്തിനുമാത്രം ഉപയോഗിക്കുക. ലളിതമായ ജീവിതശൈലിയിലൂടെ ഗാന്ധിജിയും അതല്ലേ പഠിപ്പിച്ചത്. വെള്ളമാണെങ്കിലും വൈദ്യുതിയാണെങ്കിലും ആവശ്യത്തിനുമാത്രം ഉപയോഗിക്കുക. ഭക്ഷണം പാഴാക്കാതിരിക്കുക. സമയം, പണം ഇവ ദുരുപയോഗിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ അച്ഛനമ്മമാരും അധ്യാപകരും നിരന്തരം നിങ്ങളെ ഓർമിപ്പിക്കാറുണ്ടായിരിക്കുമല്ലോ...

ഞങ്ങളുടെ അവധിക്കാലങ്ങളൊക്കെത്തന്നെ പ്രകൃതിയുടെ മടിത്തട്ടിലായിരുന്നു. മേടത്തിൽ കർണികാരങ്ങൾമാത്രമല്ല പൂത്തുവിടരുന്നതെന്നറിയാമല്ലോ... അത് നമ്മുടെ മാമ്പഴക്കാലം കൂടിയാണ്. ഒരു കാറ്റുവരുമ്പോൾ അടർന്നുവീഴുന്ന മാമ്പഴഗന്ധങ്ങൾ. വഴിയേ പോകുന്നവരെയെല്ലാം ആ ഗന്ധം മാടിവിളിക്കും. അന്നൊക്കെ നാട്ടിൽ എത്രയിനം മാവുകളാണെന്നോ? വളർന്നുപടർന്ന് ആകാശം മറച്ചുനിൽക്കുന്ന മാഞ്ചോടുകളായിരുന്നു ഞങ്ങളെ ലഹരി പിടിപ്പിച്ച കളിസ്ഥലങ്ങൾ... അണ്ണാറക്കണ്ണനും കാറ്റും മാമ്പഴം അടർത്തിയിടാൻ സഹായികളായി... മത്സരിച്ചാണ് മാമ്പഴം പെറുക്കാൻ ഓടുന്നത്. മാമ്പഴം പടപടാന്ന് വീഴുമ്പോൾ എല്ലാവർക്കും കിട്ടും. ആ മാവിന്മേൽ ഒരുന്നരച്ച് ചുനകളഞ്ഞ് ചീമ്പിത്തിന്നുമ്പോൾ വരുംകാല ജീവിതത്തിന്റെ കയ്പും മധുരവും കഠിനതകളും നേരിടാനുള്ളൊരു പഠനപ്രവർത്തനംകൂടിയാണ് ആ അവധിക്കാലങ്ങൾ സമ്മാനിച്ചത്. ■

## കരുണയുടെ വാതായനങ്ങൾ



റെയ്ച്ചൽ ജോർജ്
ബി.കോം. എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ
ഓഫ് ലോ, തൊടുപുഴ

'നിങ്ങളുടെ പിതാവ് കരുണയുള്ളവൻ ആയിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' ലൂക്കാ 6:36.

'ബോബി ജോസ് കട്ടികാടച്ചന്റെ എഴുത്തിൽ ഒരിക്കൽ വായിച്ചത് ഇങ്ങിനെയാണ്: "മനുഷ്യന്റെ ഓർമയിൽ ഇടം നേടണമെങ്കിൽ കരുണയല്ലാതെ മറ്റൊരു ഉപാധിയില്ല.' പാപികളോടും രോഗികളോടും കരുണ കാണിച്ച നല്ല തമ്പുരാന്റെ പടയാളികളാണല്ലോ നാം ഒരോരുത്തരും.

അമ്പതു ദിവസത്തെ നീണ്ട പരിത്യാഗപ്രവർത്തനങ്ങളാലും പ്രാർഥനകളാലും ഉത്ഥിതനിലേക്കു നാം നടത്തിയ യാത്ര അതിന്റെ പൂർണ്ണതയിൽ എത്തുന്നത് കരുണയുടെ വാതായനങ്ങളാകാൻ നമുക്കു സാധിക്കുമ്പോഴാണ്. വിദ്യാർഥികളായ നമുക്ക് എങ്ങനെയാണ് ഇപ്രകാരം കരുണയുടെ വാതിലുകളാകാൻ സാധിക്കുന്നത്? ഈ അവധിക്കാലം സോഷ്യൽ മീഡിയകളിൽനിന്ന് ഒരല്പം അകന്നുനിന്നുകൊണ്ടും നമ്മുടെ വീടുകളിൽ മാതാപിതാക്കളെ അവരുടെ ജോലികളിൽ സഹായിച്ചുകൊണ്ടും വൃദ്ധമാതാപിതാക്കളോടൊപ്പം സംസാരിച്ചും അയൽപക്കങ്ങളിലെ കുട്ടികളോടൊപ്പവും സഹോദരങ്ങളോടൊപ്പവും കളികളിൽ ഏർപ്പെട്ടും കരുണയുടെ മുഖമാകാൻ നമുക്കു സാധിക്കും.

ബസുകളിൽ യാത്ര ചെയ്യുമ്പോൾ മുതിർന്നവർക്കു സീറ്റ് നൽകിയും സങ്കടപ്പെടുന്ന കൂട്ടുകാരന് ആശ്വാസമായും പഠനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കൂട്ടുകാരെ സഹായിച്ചും കൂടാതെ ദൈവാലയത്തോടു ചേർന്നുള്ള ഓരോ പ്രവർത്തനങ്ങളിൽ മനസ്സറിഞ്ഞു പങ്കുപറ്റിയും നമുക്കു ദൈവത്തോടു ചേർന്നു നിൽക്കാം.

കരുണ കാണിക്കുന്നവർക്കു കരുണ ലഭിക്കും എന്നത് ക്രിസ്തുവിന്റെ വാഗ്ദാനമാണ്. വാഗ്ദാനങ്ങളിൽ അവൻ വിശ്വസ്തനാണ്. കരുണ കാണിച്ച മനുഷ്യന്റെ മുഖം ഹൃദയത്തിൽനിന്ന് ഒരിക്കലും മായുകയില്ല. ശിക്ഷയിൽനിന്നു രക്ഷിച്ച്, മാപ്പുതന്ന് നെഞ്ചോടു ചേർത്ത അധ്യാപകന്റെ മുഖം ഏതൊരു വിദ്യാർഥിയും ജീവനുള്ള കാലത്തോളം ഓർമിക്കും. തളർന്നപ്പോൾ ചേർത്തുപിടിച്ച സുഹൃത്തിന്റെ മുഖം എന്നും മായാതെ ഹൃദയത്തിൽ ഉണ്ടാകും എന്നതു തീർച്ചയാണ്.

ശേഷം 8-ാം പേജിൽ



# ഇന്നിന്റെ രാഷ്ട്രീയക്കമ്പോളം



**ലിയോ സ്റ്റീഫൻ മാനുവൽ**
സെന്റ് ജോസഫ് യുണിവേഴ്സിറ്റി
ബാംഗ്ലൂർ

"നിങ്ങളെ അബദ്ധങ്ങൾ വിശ്വസിപ്പിക്കാൻ കഴിയുന്നവർ, നിങ്ങളെ അതിക്രമങ്ങൾ ചെയ്യിക്കുകയും ചെയ്യും." – വോൾട്ടയർ

രാഷ്ട്രബോധമില്ലാത്ത പൗരനാണ്, രാജ്യദ്രോഹിയേക്കാൾ വിനാശകാരി. ലോകരാഷ്ട്രീയ ഭൂപടം സമാനതകളില്ലാത്ത മാറ്റങ്ങളിലൂടെയാണു കടന്നുപോകുന്നത്. ഇന്ത്യയാകട്ടെ, ആ ഭൂപടത്തിലെ ഏറ്റവും ആനുകാലികമായ തരംഗവും. ഒരു കാലത്ത് മൂല്യാധിഷ്ഠിതമായിരുന്ന ഇന്ത്യൻരാഷ്ട്രീയം ഇന്നു ചിന്തകൾക്കു പകരം ചീന്തി നൽകുന്നത് കച്ചവടത്തിന്റെയും കാഴ്ചവയ്പ്പിന്റെയും മാർക്കറ്റ് സ്പെയ്സാണ്. അടുത്തകാലത്തു വിവാദമായ ഒരു ചിത്രത്തിലെ സ്ത്രീകഥാപാത്രം പറയുന്ന സംഭാഷണത്തിന്റെ സാരാംശംപോലെ ഇതു കച്ചവടമാണ്, ഇവിടെ ധർമമില്ല. രാജ്യമെങ്ങും രാഷ്ട്രീയാടിമത്തം മെല്ലെ നടന്നടുക്കുമ്പോൾ കേരളം എന്ന കൊച്ചുതുരുത്തിന്റെ രാഷ്ട്രീയ വ്യതിരിക്തത കൗതുകകരമായ ഒരു കൺകെട്ടു പ്രത്യയശാസ്ത്രമായി നിലകൊള്ളുന്നു.

**യുവത്വവും അസ്തിത്വവും**

കേരളത്തിന്റെ യുവത്വം വിദ്യാഭ്യാസം, സാങ്കേതികജ്ഞാനം, ആഗോളസമ്പർക്കം എന്നിവയാൽ സമ്പന്നമാണ്. എന്നിട്ടും, രാഷ്ട്രീയക്കച്ചവടത്തിന്റെ അന്ധമായ മാസപ്പടിക്കാരാവാൻ നയിക്കപ്പെടുകയാണ് കേരളസമൂഹം. ഇന്നത്തെ രാഷ്ട്രീയയുവത്വത്തെ മൂന്നായി തിരിക്കാം: ഒന്ന്, രാഷ്ട്രീയം എന്ന കൂട്ടുകച്ചവടത്തിൽ പങ്കുപറ്റാൻ താത്പര്യമില്ലാതെ ആദർശത്താൽ പുറംതിരിഞ്ഞു നില്ക്കുന്നവർ, അതിനെ നിശ്ശബ്ദമായി പ്രോത്സാഹിപ്പിക്കുന്നവർ. രണ്ട്, നേതൃത്വത്തിന്റെ അബദ്ധസിദ്ധാന്തങ്ങളെ വെള്ളം തൊടാതെ വിഴുങ്ങുന്നവർ, കാപ്സ്യൂളുകളിൽ വിശ്വസിക്കുന്നവർ, മൂന്ന്, വേർതിരിവോടെ വിവേകത്തോടെ വെറിയെ പുറത്തുനിറുത്തി രാഷ്ട്രീയം ചിന്തിക്കുന്നവർ അഥവാ രാഷ്ട്രത്തെപ്പറ്റി ചിന്തിക്കുന്നവർ, ഇന്നിന്റെ മൈനോരിറ്റി.

ബഹുഭൂരിപക്ഷം വ്യക്തിഗത നേട്ടങ്ങളിലേക്കു വിരൽചൂണ്ടുമ്പോൾ ന്യൂനപക്ഷം നിരായുധരാകുന്നു. ചുരുക്കിപ്പറഞ്ഞാൽ നിഷ്പക്ഷതയ്ക്ക് ഇന്ന് നിരപരാധിപ്പട്ടം നഷ്ടപ്പെട്ട് അപരാധിസ്ഥാനം ചാർത്തപ്പെടുന്നു. ശക്തമായ ഒരു രാഷ്ട്രീയസംസ്കാരമുണ്ടായിരുന്ന കേരളസമൂഹത്തിനു സംഭവിച്ച മൂല്യച്യുതി തികച്ചും അപലപനീയമാണ്. ചായക്കടകളിലും ചെറുചർച്ചാവേദികളിലും സ്നേഹത്തിന്റെയും വികസനത്തിന്റെയും രാഷ്ട്രീയം സംസാരിച്ച കേരളവും ഇന്നു കച്ചവടത്തിന്റെയും വർഗീയതയുടെയും പല നിറത്തിലുള്ള കൊടികൾ നീട്ടി വീശുന്നു. മൂല്യരഹിതസംസ്കാരം ഏറ്റവും ബാധിക്കുന്നത് നാളെയുടെ തലമുറയെയാണ്.

പുതുയുവത്വത്തിന്റെ രാഷ്ട്രാവബോധം നിയന്ത്രിക്കുന്നത് സാമൂഹമാധ്യമങ്ങൾ പരത്തുന്ന വ്യാജപ്രചാരണങ്ങളാണ്. ഒരു കാലത്ത് ജനാധിപത്യത്തിന്റെ നാലാം തൂണായ മീഡിയയുടെ പുതിയ പതിപ്പുകൾ പത്രമാധ്യമങ്ങളെ കടത്തിവെട്ടി വ്യാജപ്രചാരണങ്ങളും വർഗീയചിന്തകളും വിളമ്പി നൽകുമ്പോൾ ഇറച്ചിക്കടയിലെ അറവുമാടുകളെപ്പോലെ മുന്നിലെ വിപത്തു കാണാതെ കണ്ണടച്ചു വെള്ളം കുടിക്കുകയാണ് പുതുതലമുറ.

ഒടുവിൽ മനംമടുത്ത് പുതുതലമുറ രാഷ്ട്രീയത്തെയും രാഷ്ട്രത്തെയും അവഗണിക്കുന്നു. പ്രാഥമിക അവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുമ്പോൾപോലും നിശ്ശബ്ദമായി നിലകൊള്ളുന്നു. 2024 ലോകസഭാ ഇലക്ഷനിൽ 18 – 19 വയസ്സുള്ള വോട്ടർമാരിൽ രജിസ്റ്റർ ചെയ്തതിന്റെ 35 ശതമാനംമാത്രമാണ് വോട്ടുരേഖപ്പെടുത്തിയത്. 4.9 കോടി യുവവോട്ടുകളിൽ 1.8 കോടിമാത്രം വിനിയോഗിക്കപ്പെട്ടു. കച്ചവടരാഷ്ട്രീയത്തോടുള്ള വെറുപ്പിന്റെ തെളിഞ്ഞ ചിത്രമാണിത്. ആ ചിത്രം ഉപേക്ഷിക്കപ്പെട്ട ഒരു ഇന്ത്യയുടേതാണ്. ഈ ചിത്രം വരയ്ക്കുന്നതോ നാളെയുടെ ഭാവിയും. രാഷ്ട്രീയത്തിൽ താത്പര്യമില്ലാത്ത ഒരു തലമുറ തൂക്കുകയറിലേക്കു സ്വയം നടന്നടുക്കുന്നതിനെക്കാൾ നമ്മെ ഭയപ്പെടുത്തുന്നു.

യേശു ദൈവാലയം ശുദ്ധീകരിച്ചതിനെക്കുറിച്ച് പ്രശസ്ത ചിന്തകനായ ഡോറെൻ കീർക്കഗാർഡ് എഴുതിയത് ഇപ്രകാരമാണ്: "ക്രിസ്തു ദൈവാലയത്തിലെ പണമെണ്ണക്കാരെയും വ്യാപാരികളെയും പുറത്താക്കിയത് അവർ അഴിമതിക്കാരായതിനാലല്ല. വിശുദ്ധമായ സ്ഥലത്തെ അപവിത്രമായി മാറ്റിയതിനാണ്."

ഈ രാഷ്ട്രവും ഇതിന്റെ രാഷ്ട്രീയവും പവിത്രമാണ്. അതു പറയാൻ കേരളയുവത്വം മടിച്ചിട്ടില്ല, ചാട്ടവാർ എടുക്കാൻ വൈകിയിട്ടുമില്ല.

■



# സൗന്ദര്യമേ നീയെവിടെ?



**അർപ്പിത ആർ. സിനു**
ക്ലാസ് 8
സെന്റ് തോമസ്
ഹൈസ്കൂൾ
മരങ്ങാട്ടുപിള്ളി

പച്ചപ്പിൻ നയനഭംഗിയും
പൂക്കൾതൻ സുഗന്ധവും
ഈ ഭൂമിയെ മൂടവേ,
പോയ്മറഞ്ഞ സൗന്ദര്യം
കാടും മേടും പുഴയും പൂവും
ഐശ്വര്യമായിരുന്നെവിടെയും.
ആ സൗന്ദര്യം ഇന്ന് എവിടെ?
കാടില്ല, മേടില്ല, പുഴയില്ല, മലരില്ല,
എവിടെയെൻ നാടിൻ ഭംഗി
എവിടെയാണ് നീ?
ദൈവത്തിൻ കയ്യൊപ്പു ചാർത്തിയ
സുന്ദരകേരളമേ എവിടെപ്പോയ് നീ?
ലഹരിയിലും അനീതിയിലും
മുങ്ങിത്താഴുന്നുവോ ഭൂമി
വേദനിക്കുന്നു നിന്നെ ഓർത്തു ഞങ്ങൾ.
പൂരങ്ങളും തീരങ്ങളും സൗന്ദര്യമാവുന്ന
നാടേ തിരികെ വരൂ.
പാടമില്ല പാട്ടുമില്ല ഒന്നുമില്ലിന്നിവിടെ.
ഓർക്കുന്നു ഞാനാ കൊച്ചുകേരളത്തെ.
കുട്ടികൾതൻ കളിയും മേളവും
തോട്ടിലെ മീൻപിടിത്തവും പങ്കിടീലും
എവിടെയുമിന്നു കാണ്മതില്ല.
തിരികെവരൂ നാടേ,
ഓർമകളൊരുക്കാം.
കാത്തിരിക്കുന്നു
നിനക്കായ് ഞങ്ങൾ...

## എന്റെ വര



**റൂബൻ സി. ടോം**
ക്ലാസ് 2
ഷന്താൾ ജ്യോതി
പബ്ലിക് സ്കൂൾ മുട്ടം



# കരുണയുടെ വാതായനങ്ങൾ

*7-ാം പേജ് തുടർച്ച*

ഒരു പുഞ്ചിരിയാൽപ്പോലും കരുണയുടെ മുഖമാകാൻ മനുഷ്യനു സാധിക്കുമെന്നത് മനുഷ്യമനസ്സിന്റെ അദ്ഭുതസിദ്ധിയാണ്.

മരുന്നിന്റെ ഒപ്പം സ്നേഹത്തോടെ നൽകിയ ശുശ്രൂഷയാണല്ലോ ചില ഡോക്ടർമാരുടെയും, നേഴ്സുമാരുടെയും മുഖം നമ്മിൽ പലരുടെയും മനസ്സിൽ മായാതെ നിൽക്കാൻ കാരണമായത്.

കുമ്പസാരത്തിലൂടെ പാപം നീക്കിക്കളഞ്ഞ് പരിശുദ്ധ കുർബാനയായി ക്രിസ്തു എന്നിൽ നിറയാൻ കൂട്ടാക്കിയതും കരുണയുടെ പേരിൽ മാത്രമാണ്. പാപത്തിൽ അധഃപതിച്ച മനുഷ്യനോട് ദൈവത്തിനു കരുണ തോന്നിയപ്പോഴാണ് കാൽവരിയിലെ കുരിശുമരത്തിൽ ദൈവപുത്രൻ ബലിയായിത്തീർന്നത്. ലോകാവസാനം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കുമെന്ന അവിടുത്തെ വാഗ്ദാനം ഏതു പ്രതിസന്ധിഘട്ടത്തിലും തളരാതെ ജീവിക്കാൻ നമുക്കു കരുത്തു പകരട്ടെ. പല മനുഷ്യരിലൂടെ കരുണയുടെ മുഖം അവൻ നമുക്കു വെളിപ്പെടുത്തുക തന്നെ ചെയ്യും. ഒന്നും അവസാനമല്ല എല്ലാം അവസരങ്ങളാണ്. മനുഷ്യന്റെ ഓർമ്മയിൽ ഇടം നേടാൻ കരുണയെന്ന ഒരു വാതിൽ മാത്രമേയുള്ളൂ. ആയിരിക്കുന്ന ഇടങ്ങളിൽ കരുണയുടെ വാതായനങ്ങളാകാൻ നമുക്ക് ശ്രമിക്കാം.

■

# സ്നേഹം പ്രതിബന്ധമറിയുന്നില്ല



കഥ

ലിനറ്റ് സി. ജോസഫ്
ക്ലാസ് 8
എസ്.എച്ച്. ജി.എച്ച്.എസ്.
രാമപുരം

നേവ. ആ കൊച്ചുഗ്രാമത്തിലെ സർവരുടെയും പ്രിയങ്കരി. നിഷ്കളങ്കബാല്യത്തിന്റെ മാതൃകയായിരുന്നു ആ എട്ടുവയസ്സുകാരി. കുഞ്ഞുന്നാൾ മുതൽ ദിവ്യകാരുണ്യനാഥനോട് ഒരുപാട് സ്നേഹം മനസ്സിൽ വളർത്തിയിരുന്ന അവൾക്ക് ആദ്യ ദിവ്യകാരുണ്യസ്വീകരണം ഒരു സ്വപ്നമായിരുന്നു. ആ ബാലിക അത്രമേൽ ഈശോയെ സ്നേഹിച്ചിരുന്നു. ആരോടും വഴക്കോ ദേഷ്യമോ ഇല്ലാതെ, സന്തോഷവും സ്നേഹവും സമാധാനവും ഉള്ളിൽ നിറച്ച പ്രസന്നവദനയായിരുന്നു അവൾ.

ചിത്രകലയിലായിരുന്നു നേവയ്ക്ക് ഏറ്റവും പ്രിയം. ഈശോയോടുള്ള ഇഷ്ടത്താൽ അവിടുത്തെ ചിത്രങ്ങളായിരുന്നു അവൾ ഏറെയും വരച്ചിരുന്നത്. അതിൽ നേവയ്ക്ക് ഏറ്റവും പ്രിയപ്പെട്ട ദിവ്യകാരുണ്യനാഥന്റെ ചിത്രം അവൾ തന്റെ കിടപ്പുമുറിയിൽ തൂക്കിയിരുന്നു. അങ്ങനെ പത്താംവയസ്സിൽ അവൾ ഈശോയെ സ്വീകരിച്ചു. ഈശോ തന്റെ ഉള്ളിൽ വന്നത് അവൾ ഒരു ഭാഗ്യമായി കരുതി. ഈശോ ഒരുക്കിയ ആ ഭാഗ്യം സ്വീകരിക്കാൻ അവൾ തന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചിരുന്നു.

അങ്ങനെ വർഷങ്ങൾ കടന്നുപോയി. ഇപ്പോൾ ഒരു കൗമാരക്കാരിയായ നേവ തന്റെ അച്ഛനും അമ്മയ്ക്കും അനുജത്തിക്കുമൊപ്പം താമസിക്കുന്നത് ഒരു നഗരത്തിലാണ്. പുതിയ ഒരു ലോകത്തേക്ക് ആ സ്ഥലവും കാലാവസ്ഥവും അവളെ ആനയിച്ചു. അവളുടെ സ്കൂളിൽ എല്ലാ പ്രാവശ്യവും ചിത്രരചനയ്ക്ക് അവളായിരുന്നു ഒന്നാമത്. ആ സ്ഥാനം നിരവധി പ്രാവശ്യം സ്വന്തമാക്കാൻ ദൈവം അവളെ അനുഗ്രഹിച്ചു. എന്നാൽ, പതിയെ അത് അവളിൽ അഹങ്കാരം ജനിപ്പിച്ചു. ഒന്നാംസ്ഥാനംതന്നെ വേണം എന്ന വാശിക്ക് അതു കാരണമായി. ഒരിക്കൽ, ഒരു മത്സരത്തിൽ പതിവുപോലെ നേവ പങ്കെടുത്തു. എന്നാൽ, അപ്രതീക്ഷിതമായി നേവ രണ്ടാംസ്ഥാനക്കാരിയായി. ഒന്നാം സ്ഥാനം അവളുടെ ക്ലാസിലെതന്നെ സാറ എന്ന പെൺകുട്ടി സ്വന്തമാക്കി. അത് നേവയിൽ ദുഃഖത്തിനും ഒപ്പം, അസൂയയ്ക്കും കാരണമായി. ആ സംഭവം അവളുടെ മനസ്സിൽ നിറഞ്ഞുനിന്നു.

പള്ളിയിൽ ഈശോയോടു സംസാരിക്കാനും അവൾക്ക് ഇതുമാത്രമായി വിഷയം. നിരാശയും അസൂയയും അവളുടെ പ്രസന്നതയെ നഷ്ടപ്പെടത്തി. നിരാശ വച്ചുകെട്ടിയ മുഖം അവളുടെ നല്ല സൗഹൃദങ്ങളുടെ എണ്ണം കുറച്ചു. പള്ളിയിൽ പോകുന്നതും സന്തോഷത്തോടെ ഈശോയെ സ്വീകരിക്കുന്നതും കുറഞ്ഞു. നിരാശയും ഏകാന്തതയും അവളുടെ ഹൃദയത്തെ കഠിനമാക്കി. നല്ല സൗഹൃദങ്ങളും തിരിച്ചറിവുകളും അവളുടെ ജീവിതത്തിൽ വിരളമായി. എല്ലാവരോടും അസഹഷ്ണുതയോടെ പെരുമാറി. ചിത്രംവരയിലെ താത്പര്യം കുറഞ്ഞു.

അവൾക്കു സംഭവിച്ച ഈ മാറ്റങ്ങൾ പള്ളിയിലെ വികാരിയച്ചൻ ശ്രദ്ധിച്ചിരുന്നു. ഒരു ദിവസം സൺഡേ സ്കൂൾ കഴിഞ്ഞ് അച്ചൻ നേവയെ വിളിച്ചു ചോദിച്ചു: “എന്താ മോളേ, നിന്നെ ഇപ്പൊ പള്ളീലൊന്നും കാണുന്നില്ലല്ലോ?” ആ ചോദ്യത്തിന് തക്കതായ ഒരു മറുപടി നൽകാൻ നേവയ്ക്കായില്ല.

എന്നോ ഒരിക്കൽ ആരോടോ തോറ്റുപോയപ്പോൾ അണഞ്ഞുപോകുന്നതാണോ തനിക്ക് ഈശോയോടുള്ള സ്നേഹംമെന്ന് അവൾ ചിന്തിച്ചു. ഈ ചിന്തകൾ ഉറങ്ങുംവരെ അവളെ പിന്തുടർന്നു. ഉറങ്ങും മുമ്പ് അവളുടെ കണ്ണുകൾ തന്റെ പ്രിയചിത്രത്തിലേക്ക് ഒന്നു പതിഞ്ഞു. ആദ്യമായി ഈശോയെ സ്വീകരിച്ചപ്പോൾ തനിക്കുണ്ടായ അനുഭൂതി അവൾ ഓർമിച്ചെടുത്തു. മറ്റുള്ളവരോടു വെറുപ്പും വിദ്വേഷവും മനസ്സിൽ വളർത്തിക്കൊണ്ട് ഈശോയെ സ്വീകരിച്ചപ്പോൾ നഷ്ടമായതാണ് ആ അനുഭൂതി എന്ന തിരിച്ചറിവ് അവളുടെ കണ്ണുകൾ നനച്ചു. ഉറക്കത്തിൽ അവൾ ഒരു സ്വപ്നം കണ്ടു.

മനോഹരമായ ഒരു തോട്ടം നിറയെ പൂച്ചെടികളും കായ്ഫലങ്ങൾ നിറഞ്ഞ മരങ്ങളും അരുവികളും. തോട്ടത്തിനു നടുവിൽ തന്റെ നേരേ കൈ നീട്ടി, തന്നെ മാടിവിളിക്കുന്ന ഈശോയെ, അവൾ കണ്ടു. താൻ നിൽക്കുന്നിടത്തേക്കു തിരിഞ്ഞുനോക്കിയപ്പോൾ, മരുഭൂമിയായ ഒരിടത്തു ചുട്ടുപൊള്ളുന്ന ചൂടിൽ നിൽക്കുന്ന തന്നെ നേവ കണ്ടു.

ഉറക്കത്തിൽനിന്നുണർന്ന് അവൾ പേടിച്ചു നിലവിളിച്ചു. അപ്പുറത്തെ മുറിയിൽനിന്ന് അമ്മ ഓടി വന്നു. “എന്തുപറ്റി മോളേ?” ഒരു പുത്തൻ ഉണർവിലേക്കു തിരിഞ്ഞെന്നപോലെ നേവ പറഞ്ഞു: “അമ്മേ, നാളെ എനിക്കു പള്ളീൽ പോണം.” ■



# നിറമുള്ള ഓർമകൾ

കവിത



അൽഫോൻസ അലീന ജിമ്മി
സെന്റ് അഗസ്റ്റിൻസ്
എച്ച്.എസ്.എസ്.
രാമപുരം

പിന്നിട്ട പാതയതോരോന്നോർക്കവേ
പിന്നെയും പിന്നെയും
മനസ്സിന്റെ കോണിൽ,
പിടയുന്ന വേദന
മറക്കാത്ത ഓർമതൻ!
എന്തിനോവേണ്ടി
കിതയ്ക്കുന്നു മോഹങ്ങൾ
എന്തിനോവേണ്ടി
കുതിക്കുന്നു ചിന്തകൾ!
പണ്ടമ്മ പാടിയ മധുരമാം ഗാനങ്ങൾ
ഇന്നിതാ മനസ്സിന്റെ കോണിൽ,
തേങ്ങുന്നു, ഞരങ്ങുന്നു,
എണ്ണയേശാത്ത സാക്ഷപോൽ!
ഏകാന്തതയുടെ ശാന്തതയിലാഴവേ
വിറയാർന്ന കൈകളാ മാറിൽ ചേരവേ
നനവാർന്ന മിഴികൾ ചേതനയേറ്റപോൽ–
നിൽക്കുന്നു, തറയുന്നു,
ആ മനോചിത്രത്തിൽ!
പിന്നെയും പോകുന്നു പാതകൾ മുന്നോട്ട്
പിന്നെയും പൂക്കുന്നു പുഷ്പലതാദികൾ
പക്ഷേ, മറയുന്നിതാ അമ്മതൻ
മടിയിലെ കുരുന്നുമോഹങ്ങൾ
മോഹങ്ങളിനിയും ബാക്കിയാകവേ,
മറഞ്ഞുപോയ് അമ്മതൻ രൂപം സമസ്തവും
പിന്നിലെ ഓർമകൾ
പിന്നെയും ബാധയായ്
ബാധിച്ചിടുന്നിതാ
അവളുടെ ഹൃത്തിനെ!
ജനലിന്റെ വക്കിലെ ചിതലാർന്ന കട്ടിലിൽ
ചിതയായ ജനനിയെ ചിന്തിച്ചിടുമ്പോൾ
നൊമ്പരപ്പൂവുകൾ വീണ്ടും വിരിയുന്നു.
നോവുകൾ ആലോലമാടുന്ന
മനസ്സിനെ സാന്ത്വനിപ്പിക്കാൻ,
ആരാൽ കഴിയും?
മനസ്സിലെ നിറമുള്ള ഓർമയ്ക്കു മാത്രം.



# പ്രതിഭ ക്വിസ്


1. 2025 ൽ പത്മവിഭൂഷൻ പുരസ്കാരം ലഭിച്ച മലയാളി?
2. ലോകത്തെ ആദ്യ സമ്പൂർണ നിർമിതബുദ്ധി (എ.ഐ.) അധിഷ്ഠിത ഭരണകൂടം ആകാൻ ഒരുങ്ങുന്ന നഗരം?
3. അർണോസ് പാതിരി രചിച്ച മിശിഹാചരിത്രം ഏതു പേരിലാണ് പ്രസിദ്ധി നേടിയിട്ടുള്ളത്?
4. നാഷണൽ ഗ്രീൻ ഹൈഡ്രജൻ മിഷനു കീഴിൽ ഇന്ത്യയിലെ ആദ്യത്തെ ഹരിത ഹൈഡ്രജൻ ഹബ്ബ് നിലവിൽ വരുന്ന സ്ഥലം?
5. ഇന്ത്യ ചന്ദ്രയാൻ–5 ദൗത്യം ഏതു രാജ്യവുമായി സഹകരിച്ചാണ് നടത്തുന്നത്?
6. കേരളത്തിലെ ആദ്യത്തെ തൊഴിലാളിയൂണിയൻ സ്ഥാപിച്ചത് ആര്?
7. ഏഴു ഭൂഖണ്ഡങ്ങളിലെയും ഏറ്റവും ഉയരംകൂടിയ കൊടുമുടികൾ കീഴടക്കുന്ന ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വനിത എന്ന നേട്ടം സ്വന്തമാക്കിയ ഇന്ത്യക്കാരി?
8. വിമാനങ്ങളിൽ സൗജന്യ വൈഫൈ ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ചത്?
9. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി?
10. 2024 നടന്ന അണ്ടർ 19 വനിതാ ഏഷ്യാകപ്പിൽ കിരീടം നേടിയ രാജ്യം?

*1. എംടി വാസുദേവൻ നായർ (മരണാനന്തര ബഹുമതി), 2.അബുദാബി, 3. പുത്തൻപാന, 4.വിശാഖപട്ടണം, 5. ജപ്പാൻ 6. പി.കെ. ബാവ, 7. കാമ്യ കാർത്തികേയൻ, 8. എയർ ഇന്ത്യ, 9. കെ – സ്മാർട്ട്, 10. ഇന്ത്യ. ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം നേടിയത്.*

# ഇന്നലെകളിലെ ആകാശം



**ശ്രുതിനന്ദന എം. എസ്.**
സെന്റ് അഗസ്റ്റിൻസ്
എച്ച്.എസ്.എസ്. രാമപുരം



**ഫോ**ൺ ബെല്ലടിക്കുന്നതു കേട്ടാണ് അനിത ഉണർന്നത്. യുകെയിൽനിന്നു മകളാണ്.

"എന്താ ലക്ഷ്മി?"

കുഞ്ഞിന് ചെറിയൊരു പനി. പെട്ടെന്നൊരു മരുന്ന്."

അവൾ ഒറ്റശ്വാസത്തിൽ പറഞ്ഞു.

പനിക്കുള്ള മരുന്നിന്റെ പേരുകൾ അനിതയുടെ മനസ്സിലൂടെയോടി.

"മരുന്നിന്റെ പേര് ഞാൻ മെസേജ് ചെയ്യാം. പെട്ടെന്നു പോയി വാങ്ങിക്ക്."

ചെറുപ്പത്തിൽ പനി വരുമ്പോൾ അമ്മമ്മ ഉണ്ടാക്കിത്തന്ന തുളസിയിലയും പനിക്കൂർക്കയും ഇട്ടുതിളപ്പിച്ച ആവിവെള്ളത്തിന്റെ ഗന്ധം എവിടെനിന്നോ അവളുടെ മൂക്കിലേക്ക് ഇരച്ചെത്തി.

ഏകദേശം ആറുമണിയായിട്ടുണ്ട്. നാട്ടിലെപ്പോലെ സൂര്യോദയം കാണുകയൊന്നും ഇവിടെ സാധാരണമല്ല. ആംസ്റ്റർഡാമിലെത്തിയിട്ട് വർഷം പത്തിരുപതായില്ലേ? ഇപ്പോൾ അതൊക്കെ ഒരു പുതുമയല്ലാതായി.

ബാൽക്കണിയിലെ ചില്ലുവാതിൽ പതിയെ തള്ളിമാറ്റി കസേര വലിച്ചിട്ടിരുന്ന് അനിത പുറത്തേക്കു നോക്കി. ജയൻ ഇപ്പോഴും നല്ല ഉറക്കമാണ്. അയാളുടെ ഉറക്കത്തിനു ശല്യമാകണ്ടല്ലോ എന്നു കരുതി അലാറം ഓഫ് ചെയ്തിട്ടാണ് എഴുന്നേറ്റത്.

മഞ്ഞിൽ കുളിച്ച് ഇലകൊഴിഞ്ഞു നിൽക്കുന്ന ആപ്പിൾമരത്തിൽ അവളുടെ കണ്ണുടക്കി. താനും ഇലകൊഴിഞ്ഞുകൊണ്ടിരിക്കുന്ന ഒരു വൃക്ഷമായിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ആഴ്ചയായിരുന്നു 55-ാം പിറന്നാൾ.

അനിത ഫോണെടുത്ത് സ്ക്രോൾ ചെയ്തു തുടങ്ങി. രാവിലെ മെസേജ് എന്തെങ്കിലും വന്നിട്ടുണ്ടോ എന്നു പരിശോധിക്കുന്നതു ശീലമായിരിക്കുന്നു. ഫാമിലി വാട്സ്സാപ്പ് ഗ്രൂപ്പിൽ എന്തൊക്കെയോ മെസേജുകൾ വന്നു നിറഞ്ഞിട്ടുണ്ട്.

"ഓ... കാവിലെ പൂരമാണല്ലോ."

"അമ്മേ, ഈ മുടിയൊന്നു മെടഞ്ഞുതന്നേ."

"ഞാനീ സാരിയൊന്നുടുക്കട്ടെ... അമ്മമ്മേടെ അടുത്തു ചെല്ല്."

"അമ്മൂന് അമ്മമ്മ മുടി കെട്ടിത്തരാല്ലോ. അമ്മ സാരിയുടുക്കട്ടെ." അമ്മമ്മ അനിതയുടെ കവിളിൽ തലോടി.

ഇന്നു കാവിലെ പൂരം തുടങ്ങുകയാണ്. ഇനിയുള്ള പത്തു ദിവസം നാട് രാവും പകലും മറന്ന് പൂരം കൊണ്ടാടും. അതിന് ജാതിമതവ്യത്യാസമൊന്നുമില്ല.

പട്ടുപാവാടയുടുത്ത് പത്തും പന്ത്രണ്ടും വയസ്സുള്ള ആ സഹോദരിമാർ അമ്മമ്മയുടെ ഇരുകൈകളിലും തൂങ്ങി കാവിലേക്കു പുറപ്പെട്ടു. അമ്മ അല്പം അല്പം കണിശക്കാരിയാണ്. ഇരുവർക്കും അമ്മമ്മയോടാണു കൂടുതൽ അടുപ്പം. എല്ലാ വർഷവും കാവിലെ പൂരത്തിന്റെ സമയത്താണ് അച്ഛൻ ലീവിനു വരുന്നത്.

"അച്ഛൻ എപ്പൊ വരും അമ്മമ്മേ?" കുഞ്ഞ് അനിത കുണുങ്ങി ചോദിച്ചു.

"നാളെ രാവിലെ എത്തുമെന്നാ പറഞ്ഞത്. അപ്പൊ അമ്മൂനും പൊന്നൂനും പുത്തനുടുപ്പ് കൊണ്ടുരുമല്ലോ."

"ട്ടൊ...ട്ടൊ...ട്ടൊ..."

"അയ്യോ..." അനിത അമ്മമ്മയുടെ സാരിത്തുമ്പിൽ ഒളിച്ച് മറഞ്ഞുനിന്നു.

"അയ്യേ... അമ്മു പേടിച്ചേ..."

"ന്റെ... അമ്മൂ... അതു കാവിൽ കതിനപൊട്ടിയതല്ലേ..."

അമ്മമ്മയും അമ്മയും ചിരിച്ചു.

നാളെമുതൽ എല്ലാ ബന്ധുക്കളും തറവാട്ടിലേക്കു വരും. പിന്നെ പൂരം കൊടിയിറങ്ങിയിട്ടേ എല്ലാവരും മടങ്ങൂ. ഓരോ ദിവസവും അതിഥികൾക്കായുള്ള വിഭവങ്ങൾ എന്തൊക്കെ വേണമെന്നു ചർച്ച ചെയ്തേ അമ്മയും അമ്മമ്മയും മടങ്ങൂ.

ദൂരെനിന്നു ചെണ്ടമേളത്തിന്റെ ആരവം കേൾക്കാം. നടക്കുന്തോറും അത് അടുത്തടുത്തു വരുന്നു. കുരുത്തോല മെടഞ്ഞ് കാവും പരിസരവും നന്നായി അലങ്കരിച്ചിരിക്കുന്നു. ദേവിയെ തൊഴുത് അവർ പുറത്തിറങ്ങി. പൂരത്തിന്റെ ആദ്യദിവസം പടയണിയുണ്ട്. പടയണിയുടെ ആദ്യചടങ്ങുകൾ തുടങ്ങിക്കഴിഞ്ഞിരുന്നു. കോലംതുള്ളൽ ആരംഭിച്ചു. പടയണിക്കോലത്തിലേക്കു നോക്കി അനിത ചിണുങ്ങി.

"അനിതേ... നീയെന്തേ സ്വപ്നം കാണുവാണോ? വേഗം ബ്രേക്ക്ഫാസ്റ്റ് ഉണ്ടാക്ക്... ഇന്ന് ഒരു മീറ്റിങ് ഉള്ളതാ..." ജയൻ അപ്പോഴേക്കും ഉണർന്നിരുന്നു.

തണുപ്പടിച്ച് കസേരയിൽ ചാരിയിരുന്നപ്പോൾ അറിയാതെ എപ്പോഴോ അനിത ഒന്നു മയങ്ങിപ്പോയി. തന്റെ മനോഹരമായ ബാല്യത്തിലേക്കുള്ള ആ എത്തിനോട്ടം. ചെറുമയക്കത്തിലെ ആ സ്വപ്നം അവളിൽ തങ്ങിനിന്നു. മനസ്സിൽ എവിടെയോ അങ്ങിങ്ങായി ഒരു വിങ്ങൽ. എന്തുകൊണ്ടെന്നറിയില്ല.

വിവാഹം കഴിഞ്ഞിട്ട് അടുത്ത മാസം 25 വർഷം തികയും. കല്യാണം കഴിഞ്ഞപ്പോൾ ജയന്റെ ജോലിസംബന്ധമായി നെതർലണ്ടിൽ എത്തിയതാണ്. മകൾ ലക്ഷ്മി ജനിച്ചപ്പോഴാണ് ആദ്യമായി നാട്ടിൽപോയത്. പിന്നീട് ഒരിക്കലും നാട്ടിലേക്കു മടങ്ങാൻ കഴിഞ്ഞിട്ടില്ല. പ്രിയപ്പെട്ട അമ്മമ്മയുടെയും അച്ഛന്റെയും സംസ്കാരച്ചടങ്ങുകൾക്കുപോലും പോകാൻ കഴിഞ്ഞില്ല. ജയന് അപ്പോഴൊന്നും ലീവ് കിട്ടിയില്ല. കിടപ്പിലായ അമ്മയെ പോയി കാണണമെന്നുണ്ട്. അതും നടക്കുന്നില്ല. ലക്ഷ്മി യുകെയിൽ ജോലിക്കുപോയി അവടത്തുകാരനെത്തന്നെ വിവാഹം കഴിച്ച് അവിടെത്തന്നെ സ്ഥിരതാമസമാക്കി. അവളുടെ കല്യാണത്തിനുപോലും ബന്ധുക്കൾക്കാർക്കും പങ്കെടുക്കാനായില്ല.

യാന്ത്രികമായി ജീവിതം മുന്നോട്ടുനീങ്ങുന്നു. രാവിലെ ഉണരുന്നു. തണുപ്പുകാലം അതികഠിനമാണ് അനിതയ്ക്കിപ്പോഴും. മോഡുലാർ കിച്ചണിൽ എന്തൊക്കെയോ സാൻവിച്ചും സലാഡുകളും ഉണ്ടാക്കുന്നു. മനസ്സിന് ഇഷ്ടപ്പെടാതെ വിശപ്പടക്കാനായി കഴിക്കുന്നു. അനിതയ്ക്ക് നാട്ടിലെ മാമ്പഴപ്പുളിശ്ശേരിയും സാമ്പാറും അവിയലുമെല്ലാം വെറും സ്വപ്നങ്ങളായി മാറിയിട്ട് വർഷമേറെയായി. ജയൻ പൂർണമായും വെസ്റ്റേൺ സ്റ്റൈലിലേക്കു മാറിക്കഴിഞ്ഞു. പഴയ രുചികളൊക്കെ അയാൾ പൂർണമായും മറന്നിട്ടുണ്ട്. എങ്കിലും കൊതി മൂക്കുമ്പോൾ ഉള്ളതൊക്കെ വച്ച് അനിത ഇഷ്ടവിഭവങ്ങൾ ഉണ്ടാക്കിക്കഴിക്കും. വർഷത്തിൽ ഒന്നോ രണ്ടോ തവണ. അത്ര മാത്രം.

എന്തൊക്കെയോ പച്ചക്കറികൾവച്ച് ടോസ്റ്റ് ചെയ്ത ബ്രെഡിൽ മയോണൈസും സോസും ചേർത്തൊട്ടിച്ച് സാൻവിച്ചാക്കി അനിത ജയനു കൊടുത്തു. കാപ്പിയും ചായയുമൊന്നും ഇപ്പോൾ പതിവില്ല. ഔപചാരികമായി അനിതയോടു യാത്ര പറഞ്ഞ് ജയൻ ജോലിക്കുപോയി.

വീണ്ടും ഏകാന്തത നിഴലിച്ചു തുടങ്ങി. പഴയ ആ നാലുകെട്ട് തറവാടിന്റെ ഗന്ധം ഇപ്പോഴും മനസ്സിലുണ്ട്. ഇപ്പോഴത്തെ അത്യാധുനികസൗകര്യങ്ങളുള്ള ആംസ്റ്റർഡാമിലെ ഭവനം എവിടെ നിൽക്കുന്നു?

അനിത ബാൽക്കണിക്കരികിൽ ചാരി നിന്നു. ചെറിയൊരു സൂര്യപ്രകാശവുമുണ്ട്. പേരിനു മാത്രം. തണുപ്പ് പൂർണമായി മാറിയെന്നു പറയാൻ പറ്റില്ല. ഏതോ ഒരു വെസ്റ്റേൺ പക്ഷിയുടെ കലപിലശബ്ദം അനിതയുടെ ചെവിയിലടിച്ചു. കാക്കയുടെ സ്വരംപോലും എത്ര സുന്ദരമായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നു. ഫോണിലെ മെസ്സേജിന്റെ നോട്ടിഫിക്കേഷൻ സ്വരം അവളുടെ ശ്രദ്ധ തിരിച്ചു. അനിത ധൃതിയിൽ ഫോണെടുത്തു നോക്കി.

ഫാമിലി ഗ്രൂപ്പിൽ അമ്മാവന്റെ മകന്റെ പോസ്റ്റ്. നല്ല തെളിഞ്ഞ നീലാകാശത്തിന്റെ ചിത്രം. പഞ്ഞിക്കെട്ടുപോലുള്ള കുഞ്ഞുമേഘങ്ങൾ. കുരുത്തോലകൾ ചാർത്തി മനോഹരമാക്കിയ കാവിന്റെ ചെറിയൊരംശവും. അടിക്കുറിപ്പ്: ഇന്നത്തെ ആകാശം.

അനിത മറുപടി ടൈപ്പ് ചെയ്തു: ഇന്നലെകളിലെ ആകാശം. ടൈപ്പ് ചെയ്യുമ്പോൾ ആ വിരലുകൾ വിറയ്ക്കുന്നുണ്ടായിരുന്നോ? ■



"നിങ്ങൾക്കു കഴിയുമെന്നു വിശ്വസിക്കൂ, നിങ്ങൾ പകുതി ദൂരം എത്തിക്കഴിഞ്ഞു."

തിയോഡോർ റൂസ്‌വെൽറ്റ്

തടസ്സങ്ങളെ മറികടക്കുന്നതിനും ലക്ഷ്യങ്ങൾ നേടുന്നതിനും സ്വയം വിശ്വസിക്കുന്നത് നിർണായകമാണ്. കുട്ടികളെ അവരുടെ കഴിവുകളിൽ വിശ്വാസമർപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും ആത്മവിശ്വാസമാണ് വിജയത്തിലേക്കുള്ള ആദ്യപടിയെന്ന് അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുക.



"ഊർജ്ജവും സ്ഥിരോത്സാഹവും എല്ലാം കീഴടക്കുന്നു."

ബെഞ്ചമിൻ ഫ്രാങ്ക്‌ലിൻ

വെല്ലുവിളികളെ അതിജീവിക്കുന്നതിനും ലക്ഷ്യങ്ങൾ നേടുന്നതിനും ഊർജത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും സംയോജനമാണ് താക്കോൽ എന്ന് കുട്ടികളെ പഠിപ്പിക്കുക. അവരുടെ സ്വപ്നങ്ങളിൽ പ്രതിബദ്ധതയും അഭിനിവേശവും നിലനിർത്താൻ അവരെ പ്രോത്സാഹിപ്പിക്കുക.

**കുട്ടിക്കവിത**

## കുഞ്ഞാറ്റക്കിളി

കുഞ്ഞാറ്റക്കിളി കുഞ്ഞാറ്റക്കിളി
കാടുനീളെ പറപറന്ന്
കാറ്റിനോടു കഥപറഞ്ഞ്
കടലിനോടു കളിപറഞ്ഞ്
കണ്ണാരംപൊത്തിക്കളിച്ച്
കാട്ടരുവിയോരത്ത്
കാട്ടുമുളം കൊമ്പിലിരുന്ന്
കൂകിവിളിക്കുവതാരേ നീ?



## കടങ്കഥകൾ



1. അങ്ങോട്ടോടും ഇങ്ങോട്ടോടും, മേലേനിന്ന് സത്യം പറയും.
2. ആയിരം ആളുകൾ ചെത്തിപ്പണിത ചിത്രകൂടക്കല്ല്.
3. മുള്ളുണ്ട് മുരിക്കല്ല, കൊമ്പുണ്ട് കുത്തില്ല, പാലുണ്ട് പശുവല്ല?
4. അരയുണ്ട് കാലുണ്ട് കാലിന്നടിയിൽ ഉടലില്ല.
5. പിടിച്ചാൽ പിടികിട്ടില്ല, വെട്ടിയാൽ വെട്ടേൽക്കില്ല.

തുലാസ്, തേനീച്ചക്കൂട്, ചക്ക, പാൻസ്, വെള്ളം